## ........................................................ ഗ്രാമപഞ്ചായത്ത്

# പരസ്യ നികുതി ബൈല

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് 209,209 എ, 209 ബി, 209 സി, 209ഡി എന്നീ വകുപ്പുകൾ 256-ാം വകുപ്പിനോട് കൂട്ടി വായിച്ച പ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് ........................... ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ കരട് ബൈല ......................... ലെ ..................... നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും .............................. ലെ ........................................ നമ്പർ നോട്ടീസ് പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുന്നതിന് 30 ദിവസത്തെ സമയം നൽകി പ്രസിദ്ധീകരിക്കുകയും നിശ്ചിത 30 ദിവസത്തിനകം യാതൊരു ആക്ഷേപവും അഭിപ്രായവും ലഭ്യമാകാത്ത സാഹചര്യത്തിൽ ....................... ലെ.................... നമ്പർ തീരുമാന പ്രകാരം .................................. ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ................... ലെ ................................ഗ്രാമപഞ്ചായത്ത് പരസ്യ നികുതി ബൈലാ.

1. ഈ ബൈല ........ ലെ ...................... ഗ്രാമപഞ്ചായത്ത് പരസ്യ നികുതി ബൈല എന്ന പേരിൽ അറിയപ്പെടും

2. ഈ ബൈല ..........................ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതും, പഞ്ചായത്ത് ഡയറക്ടർ യഥാവിധി ബൈല അംഗീകരിച്ച തീയതി മുതൽ പ്രബല്യത്തിൽ വരുന്നതുമാണ്.

3. നിർവചനങ്ങൾ

ഈ ബൈലായിൽ സന്ദർഭം മറ്റൊരു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം:-

1. ആക്റ്റ് എന്നാൽ 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് എന്നർത്ഥമാകുന്നു.

2. സെക്രട്ടറി എന്നാൽ ........................................ .ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നർത്ഥമാകുന്നു.

3. പഞ്ചായത്ത് എന്നാൽ .................... ഗ്രാമപഞ്ചായത്ത് എന്നർത്ഥമാകുന്നു.
4. ഫാറം എന്നാൽ ഈ ബൈലായ്ക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം

എന്നർത്ഥമാകുന്നു.

5. ഡയറക്ടർ എന്നാൽ പഞ്ചായത്ത് ഡയറക്ടർ എന്നർത്ഥമാകുന്നു.
6. വകുപ്പ് എന്നാൽ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു.

ഈ ബൈലായിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവചിച്ചിട്ടില്ലാത്തതും എന്നാൽ ആക്ടിൽ നിർവചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

4. സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുമതി കൂടാതെ ഏതൊരാളും പഞ്ചായത്ത് പ്രദേശത്ത് പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടത്തക്കവിധം പരസ്യങ്ങൾ പ്രദർശിപ്പിക്കാൻ പാടില്ലാത്തതാകുന്നു. പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അനുവാദം ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷാ ഫാറം - എ യിൽ സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്

5. അനുമതിയോടെയും, പഞ്ചായത്തിന്റെ മുദ്രയോടെയും ആണങ്കിൽ തന്നെയും അത്തരം പരസ്യങ്ങൾ ആരാധനാ സ്ഥലങ്ങളിലോ, ചരിത്ര പ്രാധാന്യമുള്ള മന്ദിരങ്ങളിലോ, ചരിത്ര സ്മാരകങ്ങളിലോ, സ്ഥാപനങ്ങളിലോ, പരിസരങ്ങളിലോ പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല.

6. പൊതു താൽപര്യം പരിഗണിച്ച് തിരക്കുള്ള, കവല, പൊതുസ്ഥാപനങ്ങൾ വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിലും പൊതുനിരത്തിലും, കവലകളിലും, വാഹന ഗതാഗത കാര്യത്തിൽ കാഴ്ചയ്ക്ക് തടസ്സമുണ്ടാകുകയോ, ശ്രദ്ധ തിരിച്ചുവിടുകയോ ചെയ്യുന്നവിധം പരസ്യങ്ങൾ പതിക്കുകയോ പരസ്യ ബോർഡുകൾ ഉയർത്തുകയോ ചെയ്യുന്നതിന് അനുമതി നൽകുന്നതല്ല

7. കേന്ദ്ര സംസ്ഥാന സർക്കാറുകൾ കാലാകാലങ്ങളിൽ പ്രാബല്യത്തിൽ വരുത്തുന്ന നിയമങ്ങൾ പ്രകാരം നിരോധിക്കപ്പെട്ടതോ മതസാമുദായിക മൈത്രിയ്ക്ക് ഹാനികരമായതോ സഭ്യേതരമായതോ എന്ന് സെക്രട്ടറിയ്ക്ക് ബോദ്ധ്യം വരുന്ന പരസ്യങ്ങൾക്ക് എഴുതി കൊടുക്കാവുന്ന കാരണങ്ങളാൽ പ്രദർശനാനുമതി നിഷേധിക്കാവുന്നതാണ്.

8. പഞ്ചായത്തിൽ നിന്നും അനുവാദം ലഭിച്ച് ഉയർത്തുന്ന എല്ലാവിധ പരസ്യങ്ങളും ഉയർത്താൻ ഉപയോഗിക്കുന്ന താങ്ങുകളും സ്റ്റീലോ മറ്റ് ലോഹങ്ങളോ 10സെ.മീ ത 10സെ.മീ കനമുള്ള നല്ലയിനം തടി കൊണ്ടോ ഉണ്ടാക്കിയതും തറയിൽ

ദൃഢമായി ഉറപ്പിച്ചിട്ടുള്ളതും അനുയോജ്യമായി പെയിന്റ് ചെയ്തിട്ടുള്ളതുമായിരിക്കേണ്ടതാണ്.

9. അനുവാദം വാങ്ങി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ സുരക്ഷിതമായി ഉറപ്പിച്ചു നിർത്തേണ്ടതിന്റെ ഉത്തരവാദിത്വം ഈ ആവിശ്യത്തിനുവേണ്ടി അനുവാദം വാങ്ങിയ ആളിന്റെ ഉത്തരവാദിത്വം ആയിരിക്കുന്നതാണ്. ബലവും ഉറപ്പുമുള്ള നല്ലയിനം സാധന സാമഗ്രികൾ കൊണ്ട് ആയിരിക്കണം പരസ്യങ്ങൾ ഉറപ്പിച്ചു നിർത്തേണ്ടത്. അങ്ങനെ ഉറപ്പിച്ച് നിർത്തിയിട്ടുള്ള പരസ്യ ബോർഡിന്റെ സുരക്ഷിതത്വം ഇതിനായി അനുവാദം ലഭിച്ച ആളിന്റെ മാത്രം ഉത്തരവാദിത്വമായിരിക്കുന്നതാണ്.

10. പരസ്യങ്ങൾ സ്ഥാപിക്കുവാനും, ഉയർത്തുവാനും, പ്രദർശിപ്പിക്കുവാനും അനുവദിച്ചിട്ടുള്ള പരസ്യങ്ങളിൽ അങ്ങനെയുള്ള അനുമതിയുടേയോ നികുതി ഈടാക്കിയതിന്റേയോ തെളിവ് എന്ന നിലയിൽ സെക്രട്ടറി പതിക്കുന്ന മുദ്രകളോ വാചകങ്ങളോ ഏതൊരാളും മറയ്ക്കുകയോ മറവു വരാൻ കാരണമാകുകയോ ചെയ്യാൻ പാടുള്ളതല്ല.

11. സെക്രട്ടറി അംഗീകരിച്ചിട്ടുള്ള വിധം, രീതി, സമ്പ്രദായം എന്നിവയ്ക്ക് വിഭിന്നമായി യാതൊരു വിധ പരസ്യങ്ങളും വാഹനങ്ങളും ഉപയോഗിക്കുവാനും പാടുള്ളതല്ല.

12. പരസ്യം ഉയർത്തൽ

1. പൊതുവായ കെട്ടിട നിലയിൽ നിന്ന് 100 സെ.മീറ്ററിൽ കവിഞ്ഞ് പൊതുനിരത്തുകളിലേയ്ക്കോ, മുകളിലേയ്ക്കോ, പുറത്തേയ്ക്കോ പരസ്യ സംവിധാനം ഉന്തി നിൽക്കാൻ പാടില്ല.

2. പഞ്ചായത്ത് വക പുറമ്പോക്ക് സ്ഥലങ്ങളിലോ, പഞ്ചായത്ത് റോഡിന്റെ വശങ്ങളിലോ പരസ്യ ബോർഡ് സ്ഥാപിക്കണമെങ്കിൽ ഈ ആവശ്യത്തിലേയ്ക്കായി പഞ്ചായത്തിന്റെ അനുവാദം മുൻകൂട്ടി വാങ്ങിയിരിക്കേണ്ടതാണ്.

3. ദേശീയപാത, പൊതു മരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് എന്നിവയുടെ സൈഡിൽ സ്ഥാപിക്കുന്ന പരസ്യങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

13. പഞ്ചായത്ത് അതിർത്തിക്കകത്ത് ഏതെങ്കിലും പരസ്യവിതാനം ചെയ്യുന്നതിന് ഉദ്ദേശിക്കുകയോ, ഉയർത്തുകയോ, പ്രദർശിപ്പിക്കുകയോ, സ്ഥാപിക്കുകയോ, നിലനിർത്തുകയോ ചെയ്യാൻ ഉദ്ദേശിക്കുന്ന ഏതൊരാളും പ്രസ്തുത പരസ്യം

ചെയ്യുന്നതിനോ പരസ്യത്തിന്റെ പകർപ്പുകൾ അച്ചടിക്കുന്നതിനോ, പെയിന്റ് ചെയ്യുന്നതിനോ അവ ഏതെങ്കിലും രീതിയിൽ പ്രദർശിപ്പിക്കുന്നതിനോ 5 ദിവസം മുമ്പായി പ്രസ്തുത പരസ്യത്തിന്റെ മാതൃകയും നിർദ്ദിഷ്ട ഫോറത്തിൽ പൂരിപ്പിച്ച് സ്റ്റാമ്പു പതിച്ച അപേക്ഷയും സെക്രട്ടറി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

എന്നിരുന്നാലും സെക്രട്ടറിയ്ക്ക് തക്കതായ കാരണത്താൽ 5 ദിവസമെന്നുള്ള സമയപരിധി അർഹതയുള്ള അവസരങ്ങളിൽ ഇളവ് ചെയ്യാവുന്നതാണ്. ഇങ്ങനെ അനുമതി തേടുന്ന ഏതൊരാളും നികുതി കൊടുക്കുവാനും, നിബന്ധനകൾ പാലിക്കുവാനും ബാദ്ധ്യസ്ഥനാണ്.

14. 209-ാം വകുപ്പിൽ പ്രത്യേകമായി എടുത്ത് പറഞ്ഞ് ഒഴിവാക്കിയിട്ടുള്ള പരസ്യങ്ങൾക്കും നോട്ടീസുകൾക്കും ഈ ബൈല ബാധകമല്ലാത്തതും അവയ്ക്ക് പരസ്യ നികുതി ചുമത്താൻ പാടില്ലാത്തതുമാകുന്നു.

15. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന സിനിമാ തീയറ്ററുകളിൽ പ്രദർശിപ്പിക്കുന്ന സിനിമയെ സംബന്ധിച്ചുള്ള പരസ്യങ്ങൾക്ക് പരസ്യ നികുതി ഈടാക്കുന്നതല്ല. എന്നാൽ ഓരോ സിനിമയെ സംബന്ധിച്ച് പ്രദർശിപ്പിക്കുന്ന പരസ്യ പോസ്റ്ററുകൾക്കും, ബോർഡിനും അനുമതിക്കായി നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതും ഓരോ പരസ്യത്തിനും അനുമതി ലഭിച്ചു എന്നതിന്റെ തെളിവിലേയ്ക്കായി പഞ്ചായത്ത് മുദ്ര പ്രസ്തുത പോസ്റ്ററുകളിലും ബോർഡുകളിലും വ്യക്തമായി കാണത്തക്ക വിധത്തിൽ പതിപ്പിക്കേണ്ടതുമാണ്.

16. അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം ഉദ്ദേശിക്കുന്ന പരസ്യത്തിനുള്ള പരസ്യാനുമതി നൽകുന്നതിന് പ്രത്യേകിച്ച് തടസ്സമൊന്നുമില്ലങ്കിൽ സെക്രട്ടറി അപേക്ഷാ കക്ഷിയെ അറിയിക്കേണ്ടതും ഈ ബൈല അനുബന്ധം 1 ൽ പറയുന്ന രീതിയിലും നിരക്കിലും പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള പരസ്യ നികുതി അപേക്ഷിക്കുന്ന ആൾ പഞ്ചായത്തിൽ ഒടുക്കേണ്ടതുമാണ്

17. പരസ്യ നികുതി ഈടാക്കിയാൽ അതിൻ പ്രകാരമുള്ള പരസ്യത്തിൻ മേൽ എല്ലാ പകർപ്പിലും കാണത്തക്ക ഭാഗത്ത് അനുമതി നൽകി പരസ്യ നികുതി ഈടാക്കിയതിന് തെളിവായി പഞ്ചായത്തിന്റെ മുദ്ര പതിപ്പിച്ചിരിക്കേണ്ടതാണ്.

18. പരസ്യത്തിന്റെ സ്വഭാവം അനുവദിക്കുന്നില്ലെങ്കിൽ പഞ്ചായത്തിന്റെ സ്റ്റാമ്പോ സീലോ അനുവാദത്തിന്റെ നമ്പരും തീയതിയുമായി പതിയ്ക്കാൻ അത്തരം പരസ്യത്തിന്റെ പകർപ്പുകൾ ഹാജരാക്കുവാൻ നിർബന്ധിക്കാവുന്നതല്ല. ഇത്തരം സാഹചര്യത്തിൽ അനുമതി നൽകിയ ദിവസം, കാലാവധി എന്നിവ കാണിക്കുന്ന പഞ്ചായത്ത് മുദ്ര (സ്റ്റിക്കർ) പരസ്യത്തിൽ കാണത്തക്ക വിധം പതിയ്ക്കുവാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

19. ഏതൊരാളും മറ്റൊരു പരസ്യത്തിന്റെയോ വ്യവസായ സ്ഥലത്തിന്റെയോ, കച്ചവട സ്ഥലത്തിന്റെയോ തൊഴിലിന്റെയോ കാഴ്ചയ്ക്ക് തടസ്സമുണ്ടാകത്തക്കവിധം പരസ്യം ഉയർത്തുകയോ, പ്രദർശിപ്പിക്കുകയോ, സ്ഥാപിക്കുകയോ, നിലനിർത്തുകയോ ചെയ്യാൻ പാടില്ല.

20. ഓരോ പരസ്യവും വിതാനം ചെയ്യുകയോ, പ്രദർശിപ്പിക്കുകയോ, സ്ഥാപിക്കുകയോ നിലനിർത്തുകയോ ചെയ്യാൻ അനുമതി വാങ്ങുന്ന ആളിന്റെ പേര്, പഞ്ചായത്തിന്റെ മുദ്ര ആവശ്യമുള്ള പരസ്യങ്ങളിൽ, വ്യക്തമായി കാണിക്കേണ്ടതാണ്. അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങളിൽ മുദ്രാലയത്തിന്റെ പേരിനോടൊപ്പം പരസ്യത്തിന് അനുമതി വാങ്ങിയ ആളിന്റെ/സ്ഥാപനത്തിന്റെ പേരും ചേർക്കേണ്ടതാണ്.

21. ആക്റ്റിനും, അതിൻ കീഴിൽ ഉണ്ടായിട്ടുള്ള ചട്ടങ്ങൾക്കും, ഉത്തരവുകൾക്കും വിധേയമായി പരസ്യത്തിനുള്ള അനുവാദം നൽകുകയോ, നിരസിക്കുകയോ ചെയ്തുകൊണ്ട് സെക്രട്ടറി ബി ഫോറത്തിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. നിരസിക്കുകയാണങ്കിൽ അപേക്ഷാ കക്ഷി ആവശ്യപ്പെടുന്ന മുറയ്ക്ക് ഒടുക്കിയിട്ടുള്ള തുക തിരികെ നൽകുന്നതാണ്.

22. ആക്റ്റിലേയോ ഈ ബൈലയിലേയോ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രദർശിപ്പിച്ചിട്ടുള്ള പരസ്യം സെക്രട്ടറിയ്ക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഏതൊരു ഉദ്യോഗസ്ഥനോ എടുത്തുമാറ്റാവുന്നതാണ്.

23. സിനിമാ തിയേറ്ററിൽ പ്രദർശിപ്പിക്കുന്ന സിനിമയുമായി ബന്ധമില്ലാത്ത സ്ളൈഡുകളുടെ പ്രദർശനത്തിന് ഒരു ഏകീകൃത നിരക്ക് പഞ്ചായത്തിന് നിശ്ചയിക്കാവുന്നതാണ്.

24. പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ തിയറ്ററിലേയും ഒരു പരസ്യത്തിന്റെ സ്ളൈഡുകൾ മൂലമുള്ള പ്രദർശനത്തിന് ഒന്നായി നികുതി ചുമത്താൻ പാടില്ല. ഓരോ തിയറ്ററിലേയും ഓരോ പ്രദർശനത്തിന് പ്രത്യേകം തുക നിശ്ചയിക്കാവുന്നതാണ്.

25. ഈ തുക ഒരു വർഷത്തിൽ അധികരിച്ചുള്ള കാലത്തേയ്ക്കോ ഒരുമിച്ച് കണക്കാക്കിയോ ചുമത്താൻ പാടില്ലാത്തതുമാകുന്നു. ഓരോ സാമ്പത്തിക വർഷവും പരിമിതപ്പെടുത്തേണ്ടതാണ്.

26. ഈതുക മുൻകൂറായി തിയേറ്റർ ഉടമ പരസ്യക്കാരിൽ നിന്നും ഓരോ വർഷത്തേയ്ക്കോ, അതിൽ കുറഞ്ഞ പ്രദർശന കാലത്തേയ്ക്കോ പഞ്ചായത്തുമായി തിയേറ്റർ ഉടമ ഏർപ്പെടുന്ന വ്യവസ്ഥ പ്രകാരം ഈടാക്കി കൊടുക്കേണ്ടതും വീഴ്ച വരുത്തുന്ന പക്ഷം പിഴ പലിശ സഹിതം പഞ്ചായത്തിൽ

ലഭിക്കേണ്ട നികുതി കുടിശ്ശിക എന്ന പോലെ തിയറ്റർ ഉടമയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

27. മുകളിൽ പറഞ്ഞ ഇനങ്ങളിലുള്ള പരസ്യ വിധാനം ചെയ്യുന്നതിനോ, പ്രസിദ്ധപ്പെടുത്തുന്നതിനോ ഉയർത്തുന്നതിനോ സ്ഥാപിക്കുന്നതിനോ നില നിർത്തുന്നതിനോ ഉള്ള അനുമതി പരസ്യത്തിന്റെ ഉപഭോക്താവിനോ, അയാളുടെ ഏജന്റായി പ്രവർത്തിക്കുന്ന സ്ഥാപനത്തിനോ വ്യക്തിക്കോ നൽകാവുന്നതാണ്. ഇത്തരം അനുമതി തേടുന്ന ആളും ലഭിക്കുന്ന ആളും നികുതി നൽകുക, നിബന്ധനകൾ പാലിക്കുക എന്നിവയ്ക്ക് ഉത്തരവാദി ആയിരിക്കുന്നതാണ്.

28. മറ്റു ഏതൊരു നികുതിയും എന്ന പോലെ പരസ്യ നികുതി ഈടാക്കുന്ന കാര്യത്തിലും സൗകര്യാർത്ഥം അവകാശം നിശ്ചിത ഇനങ്ങളിൽ ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത കാലത്തേയ്ക്കും ആക്റ്റിലേയും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം ലേലം ചെയ്തു കൊടുക്കുവാൻ പഞ്ചായത്തിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.

29. ഈ ബൈലായിലെ ഏതെങ്കിലും നിബന്ധനകൾ ലംഘിക്കുന്നവർ താഴെ പറയുന്നവിധം ശിക്ഷാർഹരായിരിക്കും.

(1) ഈ ബൈലാ പ്രകാരമുള്ള അനുവാദം കൂടാതെ ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ ഈബൈലായിലെ വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്യുന്ന ഏതൊരാളും പഞ്ചായത്ത് നിശ്ചയിക്കുന്ന 500/- രൂപ വരെ പിഴ അടയ്ക്കേണ്ടതാണ്.

(2) ആദ്യ ലംഘനത്തിന് പിഴ ഈടാക്കിയ ശേഷവും ലംഘനം തുടരുന്ന പക്ഷെ ലംഘനം തുടരുന്ന ഓരോ ദിവസവും 50/- രൂപ വരെ ആകാവുന്ന പിഴ ചുമത്തുവാൻ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്. അങ്ങനെയുള്ള തുക കുറ്റക്കാരൻ പഞ്ചായത്തിൽ ഒടുക്കുവാൻ ബാദ്ധ്യസ്ഥനുമാണ്.

30. പിഴ ചുമത്തുന്നത് കൂടാതെ പരസ്യ നികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടമുണ്ടാകത്തക്കവിധം മന:പൂർവ്വം പ്രവർത്തിക്കുകയോ നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുകയോ, പൊതുജന താൽപര്യത്തിനായി ഉദ്ദേശിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്യുന്ന വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകിയിട്ടുള്ള അനുമതി റദ്ദാക്കുകയോ അത്തരം സ്ഥാപനങ്ങളുടെ അനുമതിയ്ക്കുള്ള അപേക്ഷ ഒരു നിശ്ചിത കാലത്തേയ്ക്ക്

കുറ്റകൃത്യത്തിന്റെ സ്വഭാവമനുസരിച്ച് നിരാകരിക്കുവാൻ തീരുമാനിക്കുകയോ ചെയ്യാൻ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

31. ഓരോ മാസത്തേയ്ക്കോ അതിൽ കുറഞ്ഞ കാലയളവിലേയ്ക്കോ നികുതി ചുമത്തുന്നത് താഴെപറയുന്ന നിരക്കിലായിരിക്കണം.

# അനുബന്ധം-1

(സർക്കാരിന്റെ 25.07.2002 ലെ സ.ഉ.(പി)128/2002/തസ്വഭവ നം വിജ്ഞാപനത്തിൽ നിരക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.)

| നമ്പർ | ഇനം | നിരക്ക് |
|---|---|---|
| (എ) | പരസ്യ പലകകളുടെ (ഹോർഡിംഗ്കൾ) മേലുള്ള പരസ്യവും നോൺ ഇല്യൂമിനേറ്റഡ് സ്കൈ സൈനുകളുടെ രൂപത്തിലുള്ള വാൾ പോസ്റ്ററുകളും (പ്രതിമാസം) | |
| 1 | 1.00 ച:മീറ്റർ വരെയുള്ള സ്ഥലത്തിന് | /- രൂപ |
| 2 | 1.00 ച:മീറ്ററിലധികവും 2.50 ച:മീറ്റർ വരെയുമുള്ള സ്ഥലത്തിന് | /- രൂപ |
| 3 | അതിൽ കൂടുതലായുള്ള ഓരോ ചതുരശ്ര മീറ്ററിന് | /- രൂപ |
| | **പോസ്റ്ററുകൾ (പ്രതിമാസം)** | |
| 1 | 1.00 ച:മീറ്റർ വരെയുള്ള സ്ഥലത്തിന് | /- രൂപ |
| 2 | അതിൽ കൂടുതലായുള്ള ഓരോ ചതുരശ്ര മീറ്ററിനും | /- രൂപ |
| (ബി) | വാഹനങ്ങളിൽ വഹിച്ചുകൊണ്ട് പോകുന്ന പരസ്യങ്ങൾക്ക് (പ്രതിമാസം) | |
| 1 | ഓരോ മോട്ടോർ കാറിനും ലോറിയ്ക്കും വൈദ്യുതശക്തിയാലോ യന്ത്രശക്തിയാലോ ചലിപ്പിക്കുന്ന മറ്റേതെങ്കിലും യാത്രാ മാധ്യമത്തിനും | /- രൂപ |
| 2 | മോട്ടോർ കാറോ, ലോറിയോ, വൈദ്യുതശക്തിയാലോ യന്ത്രശക്തിയാലോ ചലിപ്പിക്കപ്പെടുന്ന മറ്റേതെങ്കിലും യാത്രാ മാധ്യമമോ ഒഴികെയുള്ള ഓരോ വാഹനത്തിനും കൊണ്ടു നടക്കുന്ന പരസ്യ പലകകൾ(പ്രതിമാസം) | /- രൂപ |
| 3 | ഇല്യൂമിനേറ്റ് ചെയ്യാത്ത പരസ്യങ്ങളും സ്കൈ സൈനുകളും (പ്രതിമാസം) | /- രൂപ |
| (സി) | കൊണ്ടു നടക്കുന്ന പരസ്യ പലകകൾ(പ്രതിമാസം) | /- രൂപ |
| (ഡി) | ഇല്യൂമിനേറ്റ് ചെയ്യാത്ത പരസ്യങ്ങളും സ്കൈ സൈനുകളും (പ്രതിമാസം) | /- രൂപ |
| 1 | 1ച:മീറ്റർ വരെയുള്ള സ്ഥലത്തിന് | /- രൂപ |
| 2 | അതിൽ കൂടുതലുള്ള ഓരോ ച.മീ | /- രൂപ |
| (ഇ) | ലാന്റേൺ സ്ളൈഡുകളുപയോഗിച്ച് സ്ക്രീനുകളിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾ (പ്രതിമാസം) | |
| 1 | 1ച:മീറ്റർ വരെയുള്ള സ്ഥലത്തിന് | /- രൂപ |

| നമ്പർ | ഇനം | നിരക്ക് |
|---|---|---|
| 2 | അതിൽ കൂടുതലുള്ള ഓരോ ച.മീ | /- രൂപ |
| (എഫ്) | തെരുവിന് മുകളിൽ കുറുകെ തൂക്കിയിട്ട തുണിയിൻമേലുള്ള പരസ്യങ്ങൾ | |
| 1 | 3 മീറ്ററിനും 6 മീറ്ററിനും ഇടയിൽ (7 ദിവസത്തേയ്ക്ക്) | /- രൂപ |
| 2 | 15 മീറ്റർ വരെ (7 ദിവസത്തേയ്ക്ക്) | /- രൂപ |
| 3 | 15 മീറ്റർ വരെ (30 ദിവസത്തേയ്ക്ക്) | /- രൂപ |
| (ജി) | റോൾ ഫിലിമുകളാൽ സ്ക്രീനിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് | |
| 1 | സ്കീനിൽ കാണിക്കുന്ന ദൃശ്യ പരസ്യത്തിന്റെ വിസ്തീർണ്ണം 37 ച.മീറ്റർ വരെ ആയിരിക്കുമ്പോൾ | /- രൂപ |
| 1 | ഫിലിമിന്റെ നീളം 35 മീറ്റർ വരെയുള്ളതിന്<br>(എ) 7 ദിവസം വരെ<br>(ബി) പ്രതിമാസം | <br>/- രൂപ<br>/- രൂപ |
| 2 | ഫിലിമിന്റെ നീളം 35 മീറ്ററിൽ കൂടുതലാണങ്കിൽ  കൂടുതലുള്ള ഓരോ 15 പതിനഞ്ച് മീറ്ററിനും<br>(എ)7 ദിവസം വരെ<br>(ബി)പ്രതിമാസം | <br>/- രൂപ<br>/- രൂപ |
| 2 | സ്ക്രീനിൽ കാണിക്കുന്ന ദൃശ്യ പരസ്യത്തിന്റെ വിസ്തീർണ്ണം 37ച.മീ. ൽ കൂടുതൽ ആയിരിക്കുമ്പോൾ കൂടുതലായുള്ള ഓരോ 10 ച.മീറ്ററിനും | /- രൂപ |
| 1 | ഫിലിമിന്റെ നീളം 35 മീറ്റർ വരെയുള്ളത്<br>(എ) 7 ദിവസം വരെ<br>(ബി) പ്രതിമാസം | <br>/- രൂപ<br>/- രൂപ |
| 2 | ഫിലിമിന്റെ നീളം 35 മീറ്റർ കൂടുതലാണങ്കിൽ കൂടുതലുള്ള ഓരോ പതിനഞ്ച് മീറ്ററിനും<br>(എ) 7 ദിവസം വരെ<br>(ബി) പ്രതിമാസം | <br>/- രൂപ<br>/- രൂപ |

**കുറിപ്പ്:-** എടുപ്പ് എന്നാൽ ഒരു പരസ്യം എന്ന നിലയ്ക്കോ പരസ്യം വയ്ക്കാനുള്ള സാധനമായോ ഉപയോഗിക്കുന്നതും ചക്രങ്ങളിൽ മേൽ വയ്ക്കുന്നതുമായ ചലനക്ഷമമായ ഏതൊരു ബോർഡും ഉൾപ്പെടുന്നതോ ആകുന്നു.

സെക്രട്ടറി

............................... ഗ്രാമപഞ്ചായത്ത്

# ഫാറം-(എ)

| | | | |
|---|---|---|---|
| 1. | അപേക്ഷകന്റെ പേരും വിലാസവും | : | |
| 2. | പരസ്യത്തിന്റെ വിവരങ്ങൾ | : | |
| 3. | (എ) ബോർഡിന്റെ/നോട്ടീസിന്റെ മാധ്യമം | : | |
| | (ബി) എണ്ണം | : | |
| 4. | താങ്ങി നിർത്തുന്നവയുടെ പൊക്കം | : | |
| 5. | ബോർഡ് നിർമ്മിച്ച തടി/ലോഹം/വിശദവിവരങ്ങൾ | : | |
| 6. | സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിവരങ്ങൾ (സർവ്വേ നമ്പർ, കെട്ടിട നമ്പർ ഉൾപ്പെടെ | : | |
| 7. | സ്ഥലം ഉടമ, അപേക്ഷയോടൊപ്പം സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടോ എന്ന് | : | |
| 8. | പൊതുസ്ഥലങ്ങളിൽ ആയതിന്റെ സമ്മതം ലഭിച്ച ഉത്തരവിന്റെ നമ്പരും തീയതിയും | : | |
| 9. | പരസ്യ നികുതി ഫീസ് ഒടുക്കിയ വിവരങ്ങൾ | : | |

സ്ഥലം　　　　　　　　　　　　　　　　　　　　അപേക്ഷകന്റെ ഒപ്പ്

തീയതി

**ആഫീസ് ഉപയോഗത്തിന്**

അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്

സെക്രട്ടറിയുടെ തീരുമാനം　　　　　　　　　　　　　　　　അനുവദിച്ചു/നിരസിച്ചു

# ഫാറം-ബി

.................................. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ക്രമം

വിഷയം :. ................................... ഗ്രാമ പഞ്ചായത്ത് - പരസ്യം പ്രദർശിപ്പിക്കുന്നതിന് അനുവദിച്ച്/നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:

ഉത്തരവ് നമ്പർ തീയതി

സൂചനയിലെ അപേക്ഷയുടെ അടിസ്ഥാനത്തിലും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിലും............................................... സ്ഥലത്ത് ................................ വലുപ്പത്തിൽ ................................ഉയരത്തിൽ ................... ................ സംബന്ധിച്ച ഒരു പരസ്യം അപേക്ഷയിൽ ഉള്ളടക്കം ചെയ്തിരുന്ന മാതൃകയിൽ .................. മുതൽ ...................വരെ കാലയളവിലേയ്ക്ക് പരസ്യപ്പെടുത്തുന്നതിന് ഇതിനാൽ അനുമതി നൽകി ഉത്തരവായിരിക്കുന്നു.

സെക്രട്ടറി

............................................. ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

അപേക്ഷാ കക്ഷിക്ക്